പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 628 — 8-3-2012 ൽ മറുപടിയ്ക്ക്

## ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുവാൻ സമഗ്ര പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൻവർ സാദത്ത്<br>ശ്രീ.എ.റ്റി. ജോർജ്<br>ശ്രീ എം.എ. വാഹീദ്<br>ശ്രീ ഡൊമിനിക് പ്രസന്റേഷൻ | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുവാൻ ഒരു സമഗ്രപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) | ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുവാൻ സംസ്ഥാന ആരോഗ്യവകുപ്പ് ഒരു സമഗ്രപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. അലോപ്പതി വിഭാഗത്തിൽ ആശാ പ്രവർത്തകരുടെ സഹായത്തോടെ ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ / ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ നിലവിൽ രോഗമുള്ളവരുടെ വിവരങ്ങൾ ശേഖരിക്കുന്നു. പ്രമേഹരോഗികൾ, രക്താതിമർദ്ദം ഉള്ള രോഗികൾ എന്നിവർക്ക് പ്രത്യേകം രജിസ്ട്രേഷൻ എഴുതി തയ്യാറാക്കുന്നു. രോഗമുള്ളവരെ കണ്ടെത്താനായി ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. 30 വയസ്സുകഴിഞ്ഞ എല്ലാവരെയും ക്യാമ്പിൽ സ്ക്രീൻചെയ്ത് രോഗങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുള്ളവരെ കണ്ടെത്തി അവരുടെ ഉയരം - തൂക്കം- അനുപാതം-രക്താതിസമ്മർദ്ദം, പ്രമേഹം പരിശോധിച്ച് രക്താതിസമ്മർദ്ദം, പ്രമേഹം ഉള്ളവരെ പി.എച്ച്.സി/ സി.എച്ച്.സി കളിലേയ്ക്ക് റഫർ ചെയ്ത് അവർക്കുവേണ്ട നിർദ്ദേശങ്ങളും പൂർണ്ണമായും സൗജന്യമായി മരുന്നുകൾ നൽകുകയും ചെയ്യുന്നു. ഹോമിയോപ്പതി വിഭാഗത്തിൽ ജീവിതശൈലീ രോഗങ്ങളുടെ ചികിത്സയ്ക്കും നിയന്ത്രണത്തിനുമായി "ആയുഷ് ഹോളിസ്റ്റിക് സെന്റർ ഫോർ പ്രിവൻഷൻ & മാനേജ്മെന്റ് ഓഫ് ലൈഫ് സ്റ്റൈൽ ഡിസീസസ്" എന്ന ഒരു നൂതന പദ്ധതി 12- ാം പദ്ധതിയിൽപ്പെടുത്തുന്നതാണ്. |
| (ബി) | ഏതെല്ലാം രോഗങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; | (ബി) | രക്താതിസമ്മർദ്ദം, പ്രമേഹം, ഹൃദ്രോഗം, കാൻസർ, പക്ഷാഘാതം എന്നീ രോഗങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | ഈ പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | എല്ലാ ആഴ്ചകളിലും ജൂനിയർ പബ്ലിക് ഹെൽത്ത് ഇൻസ്പെക്ടർ / ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാർ നടത്തുന്ന ക്യാമ്പിൽ എത്തുന്നവരെ സ്ക്രീനിംഗ് നടത്തി രോഗമുള്ളവരെ കണ്ടെത്തി പി.എച്ച്.സി/ സി.എച്ച്.സി കളിലേയ്ക്ക് അയച്ച് മരുന്നും ചികിത്സാ നിർദ്ദേശങ്ങളും നൽകിവരുന്നു.<br>ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കുന്നതിനായി ആരോഗ്യ ബോധവൽക്കരണപരിപാടികൾ, കൗൺസിലിംഗ്, സെമിനാറുകൾ, പുകയില ഉപയോഗത്തിലെതിരെയുള്ള പ്രകടനങ്ങൾ, സ്കൂൾ, കോളേജ് പരിസരങ്ങളിൽ "No Smoking" ബോർഡുകൾ സ്ഥാപിക്കൽ, കുടുംബാരോഗ്യ ക്ലാസ്സുകൾ സംഘടിപ്പിക്കൽ, ആരോഗ്യകരമായ പാചകരീതിയുടേയും, ഭക്ഷണപദാർത്ഥങ്ങളുടേയും പ്രചരണം (Kitchen Revolution) എന്നിവ സംഘടിപ്പിച്ചുവരുന്നു.<br>പുകയില വിരുദ്ധ പ്രചരണം ശക്തിപ്പെടുത്തുന്നതിനായി "Smoking Cessation Clinic" കൾ എല്ലാ ജില്ലാ ആശുപത്രികളിലും സ്ഥാപിക്കുവാനായി നടപടി സ്വീകരിച്ചിട്ടുണ്ട്.<br>എൻസിഡി ക്ലിനിക്കുകളിലേക്ക് ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നതിനായി 1071.4 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

B.V.Kumar

സെക്ഷൻ ഓഫീസർ